
അബൂസ്വാലിഹ

# റാഇദ് സ്വലാഹ് മോചിതനായി

**ഇസ്രയേലിനകത്ത്** പ്രവർത്തിക്കുന്ന അൽഹറക അൽ ഇസ്‌ലാമിയ്യയുടെ നേതാവ് റാഇദ് സ്വലാഹിനെ സയണിസ്റ്റ് ഭരണകൂടം മോചിപ്പിച്ചു. അഞ്ചു മാസം മുമ്പാണ് ഇദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടത്. പുരാവസ്തു ഗവേഷണത്തിന്റെ മറവിൽ ഖനനത്തിലൂടെ മസ്ജിദുൽ അഖ്സ്വാ ആസൂത്രിതമായി തകർക്കാനുള്ള നീക്കത്തിനെതിരെ റാഇദ് സ്വലാഹിന്റെ നേതൃത്വത്തിൽ നടന്നപ്രക്ഷോഭത്തിൽ ഒരു ജൂത സൈനികൻ ആക്രമിക്കപ്പെട്ടു എന്ന കുറ്റം ചാർത്തിയായിരുന്നു അറസ്റ്റ്.



കഴിഞ്ഞ മെയ് മാസത്തിൽ ഉപരോധിക്കപ്പെട്ട ഗസ്സയിലേക്ക് അവശ്യ സാധനങ്ങളുമായി യാത്ര തിരിച്ച തുർക്കിയുടെ ഫ്രീഡം ഫ്ളോട്ടില കപ്പലിൽ റാഇദ് സ്വലാഹുമുണ്ടായിരുന്നു. കപ്പൽ സയണിസ്റ്റ് സേന ആക്രമിച്ചപ്പോൾ റാഇദ് സ്വലാഹ് വധിക്കപ്പെട്ടു എന്നായിരുന്നു ആദ്യ റിപ്പോർട്ട്. ഫലസ്ത്വീൻ തെരുവുകളിൽ ഇത് സ്ഫോടനാത്മകമായ അന്തരീക്ഷം സൃഷ്ടിച്ചു. റാഇദ് സ്വലാഹിനോട് സാദൃശ്യമുള്ള ഒരു തുർക്കിക്കാരനാണ് വധിക്കപ്പെട്ടത് എന്ന തിരുത്തൽ വന്നതിനു ശേഷമാണ് സ്ഥിതി ശാന്തമായത്.

ഒരു കാരണവശാലും മസ്ജിദുൽ അഖ്സ്വായിലേക്ക് പോകരുതെന്ന് അധിനിവേശകർ മുന്നറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും, താനതിന് പുല്ലു വില കൽപിക്കുന്നില്ലെന്ന് റാഇദ് സ്വലാഹ് പറഞ്ഞു. "എനിക്ക് തോന്നുമ്പോൾ ഞാൻ മസ്ജിദുൽ അഖ്സ്വയിൽ പോകും, നമസ്കരിക്കും. ഒന്നല്ല, പത്ത് അറസ്റ്റ് വാറണ്ട് വന്നാലും എനിക്കൊരു ചുക്കുമില്ല. ജയിലിലടച്ച് ഫലസ്ത്വീനിയെ തളർത്താമെന്ന് അധിനിവേശകർ കരുതുന്നു. ഈ ധാരണ ശുദ്ധ മണ്ടത്തരമാണ്."

അഞ്ചു മാസത്തെ ജയിൽവാസം താൻ നന്നായി ഉപയോഗപ്പെടുത്തിയെന്ന് റാഇദ്. ഇതിനകം മൂന്ന് പുസ്തകങ്ങളുടെ കരട് തയാറാക്കാൻ കഴിഞ്ഞു. ഇതിലൊന്ന് മസ്ജിദുൽ അഖ്സ്വായെക്കുറിച്ചാണ്.

## ഇസ്‌ലാം പഠിക്കാൻ വിദേശനാടുകളിലേക്ക് അയക്കരുതെന്ന്

**വിദേശ** രാജ്യങ്ങളിലെ ഇസ്‌ലാമിക യൂനിവേഴ്സിറ്റികളിലും മറ്റു മതപാഠശാലകളിലും പഠിക്കുന്നവർക്കെതിരെ താജികിസ്താൻ ഗവൺമെന്റ് വാളെടുക്കുന്നു. താജികി പൗരന്മാരായ അത്തരം വിദ്യാർഥികളെ ഉടൻ തിരിച്ചു വിളിക്കണമെന്നാണ് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ഭീഷണിയെത്തുടർന്ന് കഴിഞ്ഞ രണ്ട് മാസത്തിനകം ആയിരത്തിലധികം വിദ്യാർഥികൾ താജികിസ്താനിൽ തിരിച്ചെത്തിയിട്ടുണ്ട്. ഈജിപ്തിലെ അൽ അസ്ഹർ സർവകലാശാലയിൽ പഠിക്കുന്നവരെയാണ് താജികി വിദേശമന്ത്രാലയം കാര്യമായി നോട്ടമിട്ടിരിക്കുന്നത്. താജികിസ്താൻ പ്രസിഡന്റ് റഹ്മാനോവിന്റെ പ്രത്യേക നിർദേശപ്രകാരമാണിത്.


■ റഹ്മാനോവ്

വിദേശ ഇസ്‌ലാമിക കലാലയങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾ തിരിച്ചെത്തുമ്പോൾ ഭീകരവാദികളായി മാറിയിട്ടുണ്ടാവുമെന്നാണ് റഹ്മാനോവിന്റെ ന്യായം. ഇസ്‌ലാമിക കലാലയങ്ങളെക്കുറിച്ച് അമേരിക്കക്കും ഇതേ അഭിപ്രായമാണല്ലോ.

## അലക്സാണ്ട്രിയയിൽ 14 പേരെ കുറ്റവിമുക്തരാക്കി

**'ഇസ്‌ലാമാണ്** പരിഹാരം' എന്ന തലവാചകത്തിലുള്ള ലഘുലേഖ കൊണ്ട് നടന്നതിന് അറസ്റ്റ് ചെയ്യപ്പെട്ട 14 ഇഖ്‌വാനി പ്രവർത്തകരെ അലക്സാണ്ട്രിയയിലെ കോടതി കുറ്റവിമുക്തരാക്കി. ഇതേ കേസിൽ തന്നെ മറ്റൊരു കോടതി 12 പേർക്ക് രണ്ട് വർഷം തടവും വിധിച്ചിട്ടുണ്ട്. മീഡിയ രണ്ടാമത്തെ വാർത്ത ആഘോഷിക്കുകയും ഒന്നാമത്തെ വാർത്ത തമസ്കരിക്കുകയും ചെയ്തു.




## മുഹമ്മദ് ദുർറ സംഭവത്തെക്കുറിച്ച് പുസ്തകം

**ലോക** മനസ്സാക്ഷിയെ ഞെട്ടിച്ച ദൃശ്യങ്ങളാണ് 2000 സെപ്റ്റംബർ 30-ന് ടി.വി ചാനലുകളിൽ തെളിഞ്ഞത്. മുഹമ്മദ് ദുർറ എന്ന പന്ത്രണ്ടുകാരൻ തന്റെ പിതാവിനോടൊപ്പം ഇസ്രയേലീ ടാങ്കുകളിൽ നിന്ന് ഉതിരുന്ന ഷെൽ വർഷത്തിൽ നിന്ന് രക്ഷപ്പെടാനായി ഒരിടത്ത് പതുങ്ങിയിരിക്കുന്നു. ഷെല്ലാക്രമണത്തിൽ ഒടുവിൽ കുട്ടി വധിക്കപ്പെടുന്നു. തൊട്ടടുത്ത് നിസ്സഹായനായി മകന്റെ മരണത്തിന് സാക്ഷിയാവുന്ന പിതാവ്. ഒരു ഫലസ്ത്വീനി കാമറാമാനാണ് ദൃശ്യം പകർത്തിയെങ്കിലും ആ ഫൂട്ടേജിന് ശബ്ദം നൽകിയത് ചാൾസ് എൻഡർലിൻ എന്ന ഫ്രഞ്ച് പത്രപ്രവർത്തക

നായിരുന്നു. 'ഫ്രാൻസ് 2' എന്ന ചാനലിന്റെ റിപ്പോർട്ടറായിരുന്നു അദ്ദേഹം.



എൻഡർലി നെതിരെ കുറ്റാരോപണങ്ങളുടെ പെരുമഴയായി പിന്നീട്. ജൂത സംഘടനകൾ മാത്രമല്ല, ലിബറൽ കൂട്ടായ്മകളും റിപ്പോർട്ടിന്റെ സത്യസന്ധതയെ ചോദ്യം ചെയ്തു. സംഭവ സ്ഥലത്ത് എൻഡർലിൻ ഉണ്ടായിരുന്നില്ലെന്നും ഇസ്രയേലിന്റെ പ്രതിഛായ തകർക്കാൻ ഫലസ്തീനികൾ തന്നെ നടത്തിയ ഒരു നാടകത്തിന് അദ്ദേഹം വാർത്താരൂപം നൽകുകയായിരുന്നു എന്നും ആരോപണമുയർന്നു. പിന്നീടുള്ള വർഷങ്ങൾ പലതരത്തിലുള്ള പീഡനങ്ങളുടേതായിരുന്നു.

സത്യസന്ധമായ വാർത്ത പുറത്ത് വിട്ടതിന് പത്തു വർഷം താനനുഭവിച്ച പീഡാനുഭവങ്ങൾ വിവരിക്കുകയാണ് 'ഒരു കുട്ടിയുടെ മരണം' (Un enfant est mort) എന്ന എൻഡർലിന്റെ ഏറ്റവും പുതിയ പുസ്തകത്തിൽ.

## കൂടുതൽ വിവരങ്ങളുമായി ഇറാഖ് ലീക്ക്സ്

*വിക്കിലീക്സിൽ* നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഒരു സംഘം ഇറാഖി പ്രമുഖർ പുതിയൊരു സൈറ്റിന് രൂപം കൊടുക്കുന്നു. ഇറാഖ് ലീക്ക്സ് എന്ന പേരിൽ. ഇറാഖ്-അഫ്ഗാൻ അധിനിവേശങ്ങളെക്കുറിച്ച് വിക്കിലീക്സ് ധാരാളം രേഖകൾ പുറത്ത് വിട്ടിട്ടുണ്ടെങ്കിലും മർമപ്രധാനമായ പലതും അതിൽ ഇല്ല എന്നാണ് ഇറാഖ് ലീക്ക്സിന് മേൽനോട്ടം വഹിക്കുന്ന അലി കലീദാറിന്റെ അഭിപ്രായം.



■ *അലി കലീദാർ*

2003 മുതൽ 2009 വരെ അമേരിക്കൻ അധിനിവേശകരും അവരുടെ ഏജന്റുമാരും ഇറാഖിൽ ചെയ്തുകൂട്ടിയ അതിക്രമങ്ങളെക്കുറിച്ച രേഖകളാണ് ഇതിലുണ്ടാവുക. അമേരിക്കൻ അധിനിവേശകർ മാത്രമല്ല ഇറാഖിലെ നരമേധത്തിന് ഉത്തരവാദികൾ. ജൈശുൽ ഖുദ്സ്, ബദ്ർ തുടങ്ങിയ മിലീഷ്യകളും അയൽനാടുകളിലെ രഹസ്യാന്വേഷണ വിഭാഗങ്ങളും കുർദ് ഭീകര സംഘങ്ങളും നൂരി മാലികിയെപ്പോലുള്ള മുഖ്യധാരാ രാഷ്ട്രീയ നേതാക്കൾ രഹസ്യമായി നേതൃത്വം കൊടുക്കുന്ന സംഘങ്ങളും കുറ്റകൃത്യങ്ങളിൽ ഭാഗഭാക്കാണ്. ഇറാഖി ശാസ്ത്രജ്ഞരെ ആസൂത്രിതമായി ഉന്മൂലനം ചെയ്യാനുള്ള പദ്ധതിയുടെ വിശദാംശങ്ങളും ഇറാഖ് ലീക്ക്സ് പുറത്ത് വിടുമെന്നാണ് കരുതുന്നത്.

## ദക്ഷിണ സുഡാനിൽ കലാപം പടരുമെന്ന്

2011 ജനുവരി 9-ന് തെക്കൻ സുഡാനിൽ നടക്കുന്ന ഹിതപരിശോധനയും തുടർന്ന് സംഭവിച്ചേക്കാവുന്ന ദക്ഷിണ സുഡാന്റെ വിഭജനവും വ്യാപകമായ ആഭ്യന്തര കലഹങ്ങൾക്ക് വഴിവെക്കുമെന്ന് മുന്നറിയിപ്പ്. ഇത് നൂറ് ബില്യൻ ഡോളറിന്റെ നഷ്ടം വരുത്തിവെച്ചേക്കും. ബ്രിട്ടീഷ് എൻ.ജി.ഒ എയ്ജിസ് ട്രസ്റ്റ് മൂന്ന് ആഫ്രിക്കൻ പഠനകേന്ദ്രങ്ങളുടെ സഹായത്തോടെ നടത്തിയ പഠനത്തിലാണ് ഈ മുന്നറിയിപ്പ്. ദക്ഷിണ സുഡാനിലെ എണ്ണ സമ്പന്നമായ അബയീ(Abyei) മേഖലയിൽ പുതിയ സായുധ സംഘട്ടനങ്ങൾ ഉടലെടുക്കുമെന്ന് റിപ്പോർട്ട് പറയുന്നു. 2005-ലെ സമാധാനക്കരാർ മേഖലയിൽ ആഭ്യന്തര യുദ്ധത്തിന് അറുതിവരുത്തിയിരുന്നു.



## സആദ പാർട്ടി ഇപ്പോഴേ പ്രചാരണത്തിന്

**2011** ജൂണിൽ നടക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന തുർക്കി പാർലമെന്റ് തെരഞ്ഞെടുപ്പിന് നജ്മുദ്ദീൻ അർബകാന്റെ നേതൃത്വത്തിലുള്ള സആദ പാർട്ടി ഒരുക്കം തുടങ്ങി. പാർട്ടി നേതാക്കളുടെ വിപുലമായ ഒരു യോഗം ഈയിടെ അങ്കാറയിൽ ചേർന്നിരുന്നു. 14 വർഷത്തെ രാഷ്ട്രീയ വനവാസത്തിന് ശേഷം ഇത്തവണ ശക്തമായി തിരിച്ചെത്തുമെന്നാണ് പുതുതായി സആദ പാർട്ടി അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട 84-കാരനായ നജ്മുദ്ദീൻ അർബകാന്റെ പ്രതീക്ഷ. കഴിഞ്ഞ ഒന്നര പതിറ്റാണ്ടിനിടയിൽ അഞ്ചു ശതമാനത്തിലധികം വോട്ട് നേടാൻ പാർട്ടിക്ക് കഴിഞ്ഞിരുന്നില്ല. ■